(ഡി) ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമന ചട്ടങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. അവയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് ഒഴിവുള്ള തസ്തികകളെ സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലേക്കുള്ള സ്ഥിരമായ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മിൽമാ മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്തതിനാൽ അവിടെ ഇപ്പോഴും നേരിട്ടുള്ള നിയമനമാണ് നടക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

**45 (1519)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റകൃത്യങ്ങൾ തടയുന്നതിലേക്ക് പോലീസിന്റെ ഇന്റലിജൻസ് വിഭാഗമുൾപ്പെടെയുള്ള വ്യത്യസ്ത വിഭാഗങ്ങളിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) നാഷണൽ ക്രൈം റിക്കാർഡിംഗിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്നറിയിക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കുറ്റകൃത്യനിരക്ക് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രഹസ്യാന്വേഷണ വിഭാഗത്തിൽ (എസ്.ബി.സി.ഐ.ഡി.) സമഗ്രമായ പുനഃസംഘടന നടപ്പാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള വിവരശേഖരണത്തിനായി ഇന്റലിജൻസ് വിഭാഗത്തിൽ പുതുതായി ഒരു ഡി.ഐ.ജി. തസ്തികയും മൂന്നു ഡി.വൈ.എസ്.പി. തസ്തികയും അതുപോലെ സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, ഹെഡ്കോൺസ്റ്റബിൾ തലങ്ങളിൽ മറ്റനവധി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കമ്മ്യൂണൽ സെൽ, എക്സ്ട്രിമിസ്റ്റ് സെൽ എന്നിവ പുതുതായി സ്പെഷ്യൽ ബ്രാഞ്ചിൽ സൃഷ്ടിച്ചു. സാമുദായിക സ്പർദ്ധ, മതമൗലികവാദികളുടെയും മറ്റു വിധ്വംസക ശക്തികളുടെയും പ്രവർത്തനം പ്രത്യേകം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സജീവമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും വിവിധതരം കുറ്റകൃത്യങ്ങളെപ്പറ്റിയും അതിൽ ഉൾപ്പെടുന്നവരെപ്പറ്റിയും അന്വേഷിക്കുന്നതിലേയ്ക്ക് ഡിവൈ.എസ്.പി.മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സ്കാഡുകൾ രൂപീകരിച്ച് രഹസ്യവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബോംബും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെത്തി നശിപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുള്ളതും ബോംബ് സ്കാഡുകൾക്ക് വേണ്ട കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങി ബോംബ് സ്കാഡുകളെ ആധുനീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിലുള്ള വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും പുനർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിലുള്ള വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും പുനർപരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ സുരക്ഷിതത്വഭീഷണിയുള്ള വിഭാഗത്തിൽപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രത്യേക ട്രെയിനിംഗ് നൽകി സേവനത്തിനായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമേ ക്രൈം സ്റ്റോപ്പർ, പോലീസ് കൺട്രോൾ റൂം, ഫ്ളൈയിംഗ് സ്കാഡ്, ക്രൈം മോണിറ്ററിംഗ് റൂം, പാന്തർ പട്രോളിംഗ്, റാപിഡ് ആക്ഷൻ പട്രോളിംഗ്, പോലീസ് ആസ്ഥാനത്ത് പബ്ലിക് വിൻഡോ സെൽ, ഹൈവേ പട്രോൾ, ട്രാഫിക് വാർഡൻ, ട്രാഫിക് പോലീസ് ഹെൽപ്പ് ലൈൻ, ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രേഡിംഗ് സിസ്റ്റം, മോഡസ് ഓപ്പറാന്റി ബ്യൂറോ, പോലീസ് വെബ് സൈറ്റ്, ഇലക്ട്രോണിക് മെയിൽ, മുനിസിപ്പൽ ഏരിയ പട്രോളിംഗ് എന്നീ സംവിധാനങ്ങളും, പരിഷ്കാരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള റൈഫിൾസ് എന്ന പേരിൽ മൂന്ന് സായുധ സേനാ ബറ്റാലിയനുകൾ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റാന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ക്രൈം ബ്രാഞ്ച് പുന:സംഘടിപ്പിക്കുകയും, ഫോറൻസിക് സയൻസ് ലബോറട്ടറി നവീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിതാ പോലീസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഗുരുതരമായ കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ 1998 ലെ കണക്ക് പരിശോധിച്ചാൽ ഇൻഡ്യയിലെ ഏറ്റവും സമാധാനപരമായ സംസ്ഥാനമാണ് കേരളം.

## സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ

46(1520)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുറ്റകൃത്യ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) അഖിലേന്ത്യാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ എത്രമാത്രമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് തെളിയിക്കപ്പെടാതെ കിടക്കുന്ന കേസുകൾ കൈകാര്യം ചെയ്യാൻ വിവിധ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly